**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6206** **09-07-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിന്റെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പി.എസ്.സി റൊട്ടേഷൻ അനുസരിച്ച് സംവരണം മുഖേന നിയമനം നടത്തണമെന്ന 29.02.24- ലെ 794/2024/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം എന്നിവയുടെ നിയന്ത്രണത്തിലാണ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളത്.<br><br>കൂടൽമാണിക്യം ദേവസ്വത്തിന് കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.<br><br>മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിൽ 12 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എയ്ഡഡ് സ്വഭാവത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളുകളിലെ നിയമന പ്രക്രിയയിൽ മലബാർ ദേവസ്വം ബോർഡിനു ഇടപെടുന്നതിന് നിലവിലെ നിയമ വ്യവസ്ഥ പ്രകാരം സാധിക്കുന്നതല്ല.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ എയ്ഡഡ് സ്ഥാപനങ്ങളിലെ ഒഴിവുകൾ തിട്ടപ്പെടുത്തി വരികയാണ്. ഒഴിവുകൾ നികത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്ന വേളയിൽ സർക്കാർ ഉത്തരവ് പാലിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പി.എസ്.സി.-യുടെ സംവരണ റൊട്ടേഷൻ പാലിച്ച് അദ്ധ്യാപക/ അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം പാലിച്ച് നിയമനം നടത്തുന്നതിന് ഗുരുവായൂർ ദേവസ്വം ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്ഥിരനിയമനം നടത്തുന്ന അവസരത്തിൽ പ്രസ്തുത തീരുമാനം ഗുരുവായൂർ ദേവസ്വത്തിന് നടപ്പിലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ